പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7873 — 16.07.2014-ൽ മറുപടിയ്ക്ക്

## വയനാട് ജില്ലയിലെ രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം വയനാട് ജില്ലയിലെ എത്ര ബി.പി.എൽ. കുടുംബങ്ങൾ -ക്ക് വൈദ്യുതി ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | മൊത്തം 5415 ബി.പി.എൽ. കുടുംബങ്ങളുടെ വീടുകൾ വൈദ്യുതീകരിക്കു- വാനാണ് ഡി.പി.ആർ. ൽ വിഭാവനം ചെയ്തിരുന്നതും, റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽ നിന്നും 10.03.2010 ൽ അനുമതി ലഭിച്ചിരുന്നതും. എന്നാൽ പദ്ധതി പ്രവൃത്തികൾ നടത്തിവന്നപ്പോൾ കൂടുതൽ അപേക്ഷകൾ ലഭിച്ചു. അപ്രകാരം 31.03.2013 വരെ, മൊത്തം 5634 ബി.പി.എൽ. വീടുകൾ വൈദ്യുതീകരിച്ചു. |
| (ബി) | ഇതിനായി എന്തു തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | 1433.44 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. ഇതിൽ 5415 ബി.പി.എൽ. വീടുകൾ വൈദ്യുതീകരിക്കുന്നതിന് 119.13 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. ഏകദേശം 760 ലക്ഷം രൂപയാണ് 2013-14 കാലയളവിലേക്ക് വിഭാവനം ചെയ്തിരുന്ന തുക. ഇതിൽ ബി.പി.എൽ. വീടുകൾ വൈദ്യുതീകരിക്കുന്നതിനു മാത്രമായി 60 ലക്ഷത്തോളം രൂപ വേണ്ടിവരുന്നു. |
| (സി) | ഇതിൽ എത്ര കുടുംബങ്ങൾക്ക് വൈദ്യുതി നൽകിയെന്നതിന്റെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ? | (സി) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2013-14) ആർ.ജി.ജി.വി.വൈ പദ്ധതി പ്രകാരം വയനാട് ജില്ലയിൽ ബി.പി.എൽ. വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയതിന്റെ കണക്ക് നിയോജക മണ്ഡലം അടിസ്ഥാനത്തിൽ ചുവടെചേർക്കുന്നു.<br>1. സുൽത്താൻബത്തേരി - 696 എണ്ണം.<br>2. മാനന്തവാടി - 415 എണ്ണം.<br>3. കൽപ്പറ്റ - 532 എണ്ണം. |

സെക്ഷൻ ഓഫീസർ.